# COMMON PRE-BOARD EXAMINATION

# MALAYALAM- Code No. 012

# CLASS-X-(2025-26)

**SET:1**

**Time allowed: 3 Hrs.** **Maximum Marks: 80**

**General Instructions:**

Read the following instructions very carefully and follow them:

1. Please check that this question paper contains **8** questions and **11** printed pages.
2. This question paper is divided into four sections:
   - Section A - Reading Comprehension – 15 Marks
   - Section B - Creative Writing – 14 Marks
   - Section C - Grammar – 15 Marks
   - Section D - Literature – 36 Marks

---

## എ വിഭാഗം ( SECTION : A )

**1. തന്നിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം )** **( 8 X 1=8 )**

പരിസ്ഥിതി സംരക്ഷണത്തിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം സുദൃഢമാക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ആഗോളവ്യാപകമായി പ്രാധാന്യം കൂടി വന്നിരിക്കുന്നു. ശരീരത്തിന്റെയും ചുറ്റുപാടുകളുടെയും സംശുദ്ധി നിലനിർത്തേണ്ടത് വളരെ പ്രാധാന്യമുള്ള വസ്തുതയായി മാറിക്കഴിഞ്ഞു. അതിനേറ്റവും ആവശ്യമുള്ളത് സമചിത്തതയുള്ള മനുഷ്യമനസ്സുകളാണ്. മനുഷ്യമനസ്സിന്റെ സന്തുലിതാവസ്ഥ സംജാതമാക്കുന്നതിനും നിലനിർത്തുന്നതിനും ധ്യാനത്തിലൂടെയുള്ള 'യോഗ'ക്ക് കഴിയുമെന്ന തിരിച്ചറിവ് ആഗോളവ്യാപകമായി വർദ്ധിച്ചുവരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഐക്യരാഷ്ട്രസഭയുടെ പൊതു സമ്മേളനത്തിൽ എല്ലാ വർഷവും ജൂൺ-21 അന്താരാഷ്ട്ര 'യോഗ' ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഈ തീരുമാനം

പ്രകൃതിയുമായി ഒത്തിണങ്ങിയുള്ള ജീവിതശൈലി രൂപപ്പെടുത്താൻ പ്രേരിപ്പിക്കും എന്നുതന്നെ കരുതാം.

'യോഗ' എന്ന വാക്ക് 'യജ് ' എന്ന സംസ്കൃതപദത്തിൽ നിന്ന് വന്നിട്ടുള്ളതാണ്. യോജിപ്പിക്കൽ എന്ന അർത്ഥമാണതിനുള്ളത്. ഒരിടത്ത് സ്വസ്ഥമായിരുന്ന് സ്വന്തം മനസ്സിനെ ധ്യാനത്തിലൂടെ പ്രപഞ്ചോർജ്ജവുമായി ബന്ധിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ അനാവശ്യ ചിന്തകൾ ക്രമേണ തടയപ്പെടുന്നു. അനാവശ്യ ചിന്തകൾ തടയപ്പെടുമ്പോൾ മനസ്സിന് സുഖവും നൈർമല്യവും കൈവരുന്നു. തെളിഞ്ഞ മനസ്സുകൾ ഏകാഗ്രവും കൂടുതൽ ക്രിയാത്മകവുമാകുന്നു. ദിവസേന ഏതാനും മിനിറ്റുകൾ യോഗപരിശീലനം നടത്തിയാൽ മനസ്സിന് സുഖവും ശാന്തിയും ഉണ്ടാകും. മനസ്സിന്റെ പിരിമുറുക്കത്തെ തടയാൻ യോഗയിലൂടെ സാധിക്കും. ലോകമെമ്പാടുമുള്ള ജനങ്ങളുടെ ക്ഷേമത്തിനായി യോഗ പോലൊരു മഹത്തായ ജീവിതചര്യ സംഭാവന ചെയ്യാൻ ഇന്ത്യയ്ക്കു കഴിഞ്ഞു എന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. "യോഗ, സംഗീതം പോലെയാണ്. ശരീരത്തിന്റെ താളവും മനസ്സിന്റെ രാഗവും ആത്മാവിന്റെ ശ്രുതിയും ചേർന്നുണ്ടാകുന്ന മനോഹരമായ ഗീതം" എന്നാണ് പ്രശസ്ത യോഗാചാര്യൻ പി.കെ.എസ്. അയ്യങ്കാർ പറയുന്നത്. യോഗ കൊണ്ട് വിദ്യാർത്ഥികൾക്ക് വളരെ വലിയ പ്രയോജനമുണ്ട്. മനസ്സിനെ ഏകാഗ്രമാക്കുകയും പിരിമുറുക്കത്തിൽ അയവുണ്ടാക്കി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുകയും ഓർമ്മശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അടിസ്ഥാന വികാരങ്ങളായ ഭയം, ദേഷ്യം, സങ്കടം എന്നിവയെ നിയന്ത്രിക്കാനും, സന്തോഷം നൽകുന്ന ന്യൂറോ ട്രാൻസ്മിറ്ററുകളെ ഉത്തേജിപ്പിക്കാനും നിരന്തരമായ യോഗപരിശീലനം സഹായിക്കുന്നു. സുഖകരമായ ഉറക്കം ലഭിക്കുന്നതിനും, വ്യക്തികളിൽ സ്വയംമതിപ്പ് (Self esteem) വർദ്ധിപ്പിക്കുന്നതിനും, ശാന്തവും സ്വസ്ഥവുമായ മനോനിലയ്ക്കും സഹായിക്കുന്ന ജീവിതക്രമമാണിതെന്ന് സംശയം കൂടാതെ പറയാൻ സാധിക്കും.

**<u>ചോദ്യങ്ങൾ</u>**

(i) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം സുദൃഢമാക്കേണ്ടത് എങ്ങനെ ?

(ii) യോഗയെക്കുറിച്ച് ആഗോളവ്യാപകമായി വർദ്ധിച്ചുവരുന്ന തിരിച്ചറിവ് എന്ത് ?

(iii) അന്താഷ്ട്ര 'യോഗ' ദിനമായി ആചരിക്കുന്നതെന്ന് ?

(iv) 'യോഗ' എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

(v) എപ്പോഴാണ് മനസ്സിന് സുഖവും നൈർമല്യവും കൈവരുന്നത് ?

(vi) "യോഗ സംഗീതം പോലെയാണ് " എന്ന് അഭിപ്രായപ്പെട്ടതാര് ?

(vii) വിദ്യാർത്ഥികൾക്ക് യോഗ കൊണ്ടുള്ള പ്രയോജനങ്ങളെന്തെല്ലാം ?

(viii) മനുഷ്യന്റെ അടിസ്ഥാനവികാരങ്ങളെന്തെല്ലാം ?

**2. തന്നിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം )** **( 7 X 1=7 )**

സുപ്രധാനമായ ഒരു വാർത്താവിനിമയോപാധിയാണ് വർത്തമാനപ്പത്രങ്ങൾ. ലോകത്തു നടക്കുന്ന എല്ലാ വിവരങ്ങളും നമ്മുടെ മുൻപിലെത്തിക്കുന്ന പത്രങ്ങൾ ജനങ്ങളെ ഗാഢസമ്പർക്കത്തിലൂടെ സ്വാധീനിക്കുന്നതിനാൽ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ചില സദാചാരതത്ത്വങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ 'നാലാംതൂണ് ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പത്രങ്ങളെ അപേക്ഷിച്ച് മറ്റ് മൂന്നു തൂണുകളായ നിയമനിർമ്മാണസഭ, നിയമനിർവ്വഹണം, നീതിന്യായം എന്നിവയ്ക്ക് പൊതുസമൂഹത്തിൽ നേരിട്ട് ഇടപെടാൻ ഒട്ടേറെ പരിമിതികളുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ പൊതുജനജിഹ്വയാകുവാൻ പത്രങ്ങൾക്കു മാത്രമേ കഴിയൂ. ജനങ്ങളുടെ അഭിപ്രായരൂപീകരണത്തിൽ ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പത്രങ്ങളുടെ പ്രധാനലക്ഷ്യം പൊതുജനനന്മ മാത്രമായിരിക്കണം.

ജനാധിപത്യപ്രക്രിയയിലെ മറ്റു ഘടകങ്ങൾക്ക് വീഴ്ച പറ്റുമ്പോൾ, അവ തിരുത്തുന്നതിനാവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്താൻ പത്രങ്ങൾക്കേ കഴിയൂ. ഭരണസംവിധാനങ്ങൾ തയ്യാറാക്കുന്ന ജനക്ഷേമകരങ്ങളായ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അന്തരീക്ഷവും മനോഭാവവും ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നതിന് പശ്ചാത്തലമൊരുക്കുക എന്നതും പത്രത്തിന്റെ കടമയാണ്. ജനങ്ങളെയും ഭരണാധികാരികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതും, തിരുത്തൽ ശക്തിയായി വർത്തിക്കുന്നതും പത്രങ്ങളാണ്.

പത്രാധിപർ മുതൽ ലേഖകൻ വരെയുള്ള പത്രപ്രവർത്തകരെല്ലാം ന്യായബുദ്ധികളായിരിക്കണം. സത്യസന്ധമായ വാർത്തകൾ പ്രസിദ്ധീകരിച്ച് തെറ്റു ചെയ്യുന്നവരെ നിയമത്തിനു മുന്നിൽ എത്തിക്കാൻ വേണ്ടതു ചെയ്യാം. എന്നാൽ നിരപരാധികളുടെ മേൽ ദോഷാരോപണം അരുത്. അന്യായമായ നിന്ദയും സ്തുതിയും ഒഴിവാക്കുക, സത്യം തുറന്നു കാണിക്കാൻ ഭയപ്പെടാതിരിക്കുക,

അഴിമതിക്കു വശപ്പെടാതിരിക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധിക്കണം. സ്വാർത്ഥതാല്പര്യത്തിനായി അഴിമതികളിലേർപ്പെടുന്നവർ പത്രധർമ്മത്തിന് കളങ്കം ഉണ്ടാക്കുന്നു. പത്രമുടമസ്ഥന്റെ ആജ്ഞാനുവർത്തികളായി പത്രാധിപരും മറ്റും മാറരുത്. പൊതുജനഹിതത്തിനായി പ്രവർത്തിക്കേണ്ടവരാണ് അവർ. സത്യം, ന്യായം, നീതി എന്നിവയാണ് പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ. ഭരണാധികാരികളെ പ്രീണിപ്പിച്ച്, താല്ക്കാലികലാഭം നോക്കാതെ, ദീർഘകാലത്തേക്കുള്ള രാജ്യപുരോഗതി ആയിരിക്കണം ഓരോ പത്രപ്രവർത്തകനും ലക്ഷ്യമാക്കേണ്ടത്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ "ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ" എന്ന വാക്കുകൾ ഇവിടെ സ്മരണീയമാണ്.

**<u>ചോദ്യങ്ങൾ</u>**

(i) പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ചില സദാചാരതത്ത്വങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ടെന്ന് പറയുന്നത് എന്തുകൊണ്ട് ?

(ii) ജനാധിപത്യത്തിന്റെ ‘ നാലാംതൂണ് ’ എന്ന് വിശേഷിപ്പിക്കുന്നത് എന്ത് ?

(iii) പത്രങ്ങളുടെ പ്രധാനലക്ഷ്യം എന്തായിരിക്കണമെന്നാണ് പറയുന്നത് ?

(iv) പത്രാധിപർ മുതൽ ലേഖകൻ വരെയുള്ള പത്രപ്രവർത്തകരെല്ലാം എങ്ങനെയുള്ളവരായിരിക്കണം ?

(v) പത്രധർമ്മത്തിന് കളങ്കം ഉണ്ടാക്കുന്നത് എങ്ങനെയുള്ളവരാണ് ?

(vi) പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ എന്തെല്ലാം ?

(vii) ഓരോ പത്രപ്രവർത്തകനും ലക്ഷ്യമാക്കേണ്ടത് എന്താണ് ?

## <u>ബി - വിഭാഗം ( SECTION : B )</u>

**3. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) അഴിമതി ഒരു സാമൂഹികവിപത്ത്

OR

(ii) നവമാധ്യമങ്ങളും വിദ്യാർത്ഥികളും

(b) നിങ്ങളുടെ പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ ഗതാഗതവകുപ്പ് മന്ത്രിക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക. **( 5 )**

(c) സംസ്ഥാന സ്കൂൾ കായികമേളയിൽ ദേശീയറെക്കോർഡോടെ സ്വർണ മെഡൽ നേടിയ നിങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥിയെ നാട്ടുകാരുടെയും സ്കൂളിന്റെയും നേതൃത്വത്തിൽ ആദരിച്ചതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. ( 4 )

## സി - വിഭാഗം ( SECTION : C )

**4. (a) പ്രയോഗം മാറ്റുക.** (2 X 1=2)

(i) സ്വേച്ഛാധിപതി പോലും പത്രത്തെ ബഹുമാനിക്കുന്നു.

(ii) അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (2 X 1=2)

(i) ശിബിരത്തിൽനിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ കൃപരും കൃതവർമ്മാവും കൊന്നുവീഴ്ത്തി.

(ii) ഈ പത്തു പ്ലാവിലക്കഞ്ഞി കോരിക്കുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ ഒരു നീണ്ട ഏമ്പൊക്കം വിട്ടു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2 X 1=2)

(i) പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി വീണ്ടും ശ്രദ്ധിച്ചു വായിച്ചു.

(ii) ആ ദിവസം കോരന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സ്മരണീയ ദിവസമായിരുന്നു.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** (2 X 1=2)

(i) പുറത്തുകടക്കുക (ii) പാഞ്ഞുവരുക (iii) വിലപിക്കുക

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** (7 X 1=7)

(a) 'അശ്വം ' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) വാപി (B) വാജി

(C) വാടി (D) വാണി

(b) 'അപരിചിതൻ ' എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) അപരിചിത (B) അപരിചിതർ

(C) പരിചിത (D) അപരിചിതി

(c) 'ഉദരം'എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) ധാരാളം (B) കടം

(C) വയർ (D) ശ്രേഷ്ഠം

(d) 'ലോഭം - ലാഭം ' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നതിൽ ഏതാണ് ?

(A) സ്നേഹം - അസുഖം (B) നഷ്ടം - സുഖം

(C) കാരണം - കൊടി (D) അത്യാഗ്രഹം - നേട്ടം

(e) 'അന്യജീവൻ ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) അന്യന്റെ ജീവൻ (B) അന്യത്തിലെ ജീവൻ

(C) അന്യമാകുന്ന ജീവൻ (D) അന്യനാകുന്ന ജീവൻ

(f) 'പക്ഷം ' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇവയിൽ ഏതാണ് ?

(A) ചിറക് (B) അഭിപ്രായം

(C) കൂട്ടം (D) വശം

(g) 'പൊന്നുകൊണ്ടുള്ള കിഴി ' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) പൊൻകിഴി (B) പൊന്നിൻ കിഴി

(C) പൊന്നുംകിഴി (D) പൊൽക്കിഴി

(h) 'മേന്മേൽ ' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) മേൽ + മേൽ (B) മേൻ + മേൽ

(C) മേനി + മേൽ (D) മേന്മ + മേൽ

(i) ' പൂർണം ' എന്നതിന്റെ വിപരീതപദം ഏത് ?

(A) അന്നപൂർണം (B) സമ്പൂർണം

(C) അനാവരണം (D) അപൂർണം

(j) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) ആനുഷാംഗികം (B) ആനുശംഗികം

(C) ആനുഷംഗികം (D) ആനുസംഗികം

## ഡി - വിഭാഗം ( SECTION : D )

6. **തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം)**

**(9 X 2=18)**

(a) (i) 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗം ഏത് നോവലിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) ഏണിപ്പടികൾ (B) രണ്ടിടങ്ങഴി

(C) ചെമ്മീൻ (D) കയർ

(ii) "അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറ് കൊടുക്കണം. അതുമാത്രമാണ് അവന്റെ ആഗ്രഹം. " ആരുടെ ആഗ്രഹത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

(A) ചാത്തന്റെ (B) ചിരുതയുടെ

(C) ഔസേപ്പിന്റെ (D) കോരന്റെ

(b) (i) '' മുക്തിക്ക് വിഘ്നം വരുത്തുവാൻ ശക്തിയുള്ളത് എന്തിനാണ് ?

(A) ക്രോധത്തിന് (B) മോഹത്തിന്

(C) ധനത്തിന് (D) ദേഹത്തിന്

(ii) രാഗാദിസങ്കുലമായ സംസാരത്തെ വിശേഷിപ്പിക്കുന്നതെങ്ങനെ ?

(A) അല്പകാലസ്ഥിതം (B) അസ്ഥിരം

(C) സ്വപ്നതുല്യം (D) മായാമയം

(c) (i) "ബ്രഹ്മതേജോഭവമായ ആ അസ്ത്രത്തെ ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചവനല്ലാതെ പ്രതിസംഹരിക്കുക ദുഷ്കരമാണ്." ഏത് അസ്ത്രത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

(A) വരുണാസ്ത്രത്തെക്കുറിച്ച് (B) ബ്രഹ്മശിരോസ്ത്രത്തെക്കുറിച്ച്

(C) പാശുപതാസ്ത്രത്തെക്കുറിച്ച് (D) ആഗ്നേയാസ്ത്രത്തെക്കുറിച്ച്

(ii) പാശ്ചാത്യ സാഹിത്യങ്ങളിലെ എപ്പിക്കുകളിൽ പ്രാധാന്യം നൽകിയിരിക്കുന്നത് എന്തിനാണ് ?

(A) യുദ്ധവീരന്മാരുടെ പരാക്രമത്തിന്

(B) പകയുടെ ഭീകരതയ്ക്ക്

(C) യുദ്ധധർമ്മത്തിന്

(D) യുദ്ധം വരുത്തിവയ്ക്കുന്ന ദുരന്തത്തിന്

(d) (i) 'ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്. ' എന്ന് അഭിപ്രായപ്പെട്ടത് ആരാണ് ?

(A) ഓസ്കാർ വൈൽഡ് (B) ഇബ്സൻ

(C) നെപ്പോളിയൻ (D) സാമുവൽ ബട്‌ലർ

(ii) 'പത്രനീതി' എന്ന ലേഖനം എഴുതിയതാര്  ?

(A) സുകുമാർ അഴീക്കോട് (B) കുട്ടികൃഷ്ണമാരാർ

(C) കെ. പി. കേശവമേനോൻ (D) ഒ. വി. വിജയൻ

(e) (i) "എന്തൊരുന്മേഷമാണതിൻ കൺകളിൽ എന്തൊരുത്സാഹമാണതിൻ കാൽകളിൽ " കവി എന്തിനെക്കുറിച്ചാണ് ഈ വരികളിൽ വർണ്ണിക്കുന്നത് ?

(A) രാജകീയസേനകളെ (B) വിശ്വവിജയികളെ

(C) ചെമ്പൻകുതിരയെ (D) സംസ്കാരശില്പികളെ

(ii) 'അശ്വമേധം' എന്ന പാഠഭാഗം ഏത് കവിതാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്  ?

(A) പാദമുദ്രകൾ (B) സർഗസംഗീതം

(C) എന്റെ മാറ്റൊലിക്കവിതകൾ (D) മുളങ്കാട്

(f) (i) "മറ്റുള്ളവയെപ്പോലെ തന്നെ അവയും കട്ടിവെള്ളിയാണ്; നിശ്ചയമായും നിങ്ങൾക്ക് അവയിൽ നിന്ന് ഇരുനൂറു ഫ്രാങ്ക് കിട്ടും." എന്തിനെക്കുറിച്ചാണ് മെത്രാൻ ഇങ്ങനെ പറയുന്നത് ?

(A) മുള്ളുകളെക്കുറിച്ച് (B) മെഴുകുതിരിക്കാലുകളെക്കുറിച്ച്

(C) പൊന്തൻവടിയെക്കുറിച്ച് (D) കയ്‌ലുകളെക്കുറിച്ച്

(ii) "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ, അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടു നിന്നു. " ആരാണിങ്ങനെ നിന്നത് ?

(A) പോലീസുകാരൻ (B) മെത്രാൻ

(C) മേലധികാരി (D) ഴാങ് വാൽ ഴാങ്

(g) (i) വിവേകികൾ സ്വജീവിതം ധന്യമാക്കുന്നതെങ്ങനെയാണ് ?

(A) പ്രാർത്ഥിച്ച് (B) അന്യജീവനുതകി

(C) സന്ന്യസിച്ച് (D) നിജകർമ്മനീതരായ്

(ii) "കേണുവാണിവിടെയേകുമർത്ഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ" ആരെയാണ് 'അർത്ഥി' എന്ന്

വിശേഷിപ്പിക്കുന്നത് ?

(A) ദിവാകരനെ (B) വിവേകികളെ

(C) നളിനിയെ (D) സന്ന്യാസിനിയെ

(h) (i) " മലരിൻകൂട നിറച്ചു , വിറച്ചേ

നിൽക്കുകയല്ലോ മേടുകൾ തോറും " ആരാണ് മലരിൻകൂട നിറച്ച് വിറച്ചു

നിൽക്കുന്നത് ?

(A) നെയ്യാമ്പലുകൾ (B) മുക്കുറ്റികൾ

(C) കമുകുകൾ (D) തുമ്പകൾ

(ii) "നല്ലതിഥി നമുക്കിനിയാരിതുപോലെ" ആരെയാണ് അതിഥി എന്ന്

വിശേഷിപ്പിച്ചിരിക്കുന്നത് ?

(A) പുള്ളുവനെ (B) വീണപ്പെണ്ണിനെ

(C) ഓണത്തപ്പനെ (D) ഗ്രാമപ്പെൺകൊടിയെ

(i) (i) "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ

ഇന്നും പഴി പറഞ്ഞേക്കും" ആരാണ് പഴി പറയുന്നത് ?

(A) ഭാര്യ (B) കവി

(C) അമ്മ (D) അധ്യാപിക

(ii) "പൊട്ടിക്കരഞ്ഞും ശഠിച്ചും, കുതറിയു-

മെത്തിയതും" ശഠിച്ചും കുതറിയും എത്തിയത് എവിടെയാണ് ?

(A) കോവിലിൽ (B) തെരുവിൽ

(C) ആശുപത്രിയിൽ (D) വിദ്യാലയത്തിൽ

(j) (i) പുഴയുടെ നടുക്ക് എത്തിയപ്പോൾ വെള്ളായിയപ്പനെ തളർത്തിയതെന്ത് ?

(A) കുളിയുടെ അനുഭവം (B) ജയിലിലെ കാഴ്ച

(C) തീവണ്ടിയിലെ യാത്ര (D) പാഴുതറയിലെ ജീവിതം

(ii) ഒരു കുട്ടിയുടെ നിസ്സഹായതയോടെ വെള്ളായിയപ്പൻ ആരുടെ മുമ്പിലാണ് നിന്നത് ?

(A) ഗുമസ്തന്റെ (B) പാറാവുകാരന്റെ

(B) തോട്ടികളുടെ (D) കോടച്ചിയുടെ

(k) (i) "മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം'' കൃമികളായ് പോകുന്നതെന്ത് ?

(A) ഭോഗം (B) അഹംബുദ്ധി

(C) മനസ്താപം (D) ദേഹം

(ii) 'ലക്ഷ്മണസാന്ത്വനം' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) ജ്ഞാനപ്പാന (B) അധ്യാത്മരാമായണം കിളിപ്പാട്ട്

(C) മഹാഭാരതം കിളിപ്പാട്ട് (D) ഹരിനാമകീർത്തനം

(l) (i) "അതു കണ്ട് ആളുകൾ അയാളെ രാക്ഷസനെന്നു കരുതി കണ്ണു ചിമ്മി." ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(A) അശ്വത്ഥാമാവിനെ (B) ദുര്യോധനനെ

(C) ഭീമനെ (D) യുധിഷ്ഠിരനെ

(ii) "എനിക്കു ഭീഷ്മരും കർണ്ണനും ദ്രോണരും ചെയ്തുതരാത്തതു നിങ്ങൾ മൂന്നുപേരും കൂടി ചെയ്തുതന്നു. " ആരുടെ വാക്കുകളാണിത് ?

(A) ധൃഷ്ടദ്യുമ്നന്റെ (B) സഞ്ജയന്റെ

(C) പാണ്ഡവരുടെ (D) ദുര്യോധനന്റെ

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(3X 3 = 9)**

a) ഭാരതമാകട്ടെ, നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നതെങ്ങനെ ?

b) "പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു."വെള്ളായിയപ്പൻ അനുഭവിക്കുന്ന ദുഃഖം പാഴുതറ എന്ന ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ ?

c) "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ് ! ഒരു തരത്തിലും ആ തെറ്റു ന്യായീകരിക്കാവുന്നതല്ല." കോരന്റെ ഹൃദയത്തെ നോവിച്ച അപരാധബോധമെന്ത് ?

d) "പരലോകത്തുവച്ച് ഇഹലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ, തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു." സന്ദർഭവും ആശയവും വിശദീകരിക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(3X 3 = 9)**

a) "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ." നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണമെന്ത് ?

b) 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം കവിതയ്ക്ക് എത്രത്തോളം ഉചിതമാണെന്ന് പരിശോധിക്കുക.

c) 'ഓണമുറ്റത്ത് 'എന്ന കവിതയിൽ ഓണക്കാലത്തെത്തുന്ന ഉഷസിനെ കവി വർണ്ണിക്കുന്നത് എങ്ങനെയാണ് ?

d) ദേഹത്തെക്കുറിച്ചുള്ള മോഹം നല്ലതല്ലെന്ന് കവി പറയാൻ കാരണമെന്ത് ?

***